ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 08-06-2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. ദരിദ്ര വിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ട്, കേന്ദ്രസർക്കാർ കഴിഞ്ഞ 12 വർഷങ്ങൾക്കിടെ നിരവധി പരിഷ്കരണ നടപടികൾ രാജ്യത്ത് നടപ്പാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the Central Government has implemented several reform measures across the country over the past 12 years with a focus on the welfare of the poor.**

2. പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമാകുന്നതിൽ ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. ഇന്ത്യൻ പൗരന്മാർ ഇറാനിലേക്കുള്ള യാത്ര പൂർണ്ണമായും ഒഴിവാക്കണമെന്ന് നിർദ്ദേശം.

   **India has expressed concern over the escalating conflict in West Asia. Indian Embassy in Iran has advised the Indian nationals to avoid any travel to Iran, in view of the recent developments in the region.**

3. ഒമാൻ തീരത്ത് തീപിടിച്ച എണ്ണ കപ്പലിലെ 24 ഇന്ത്യൻ നാവികരും സുരക്ഷിതരാണെന്ന് ഷിപ്പിങ്ങ് മന്ത്രാലയം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ ലഭ്യതയെക്കുറിച്ച് ആശങ്കപ്പെടേണ്ട സാഹചര്യം രാജ്യത്തില്ലെന്നും കേന്ദ്രസർക്കാർ.

   **The Ministry of Shipping has said that all 24 Indian crew members aboard on the vessel MT Marivex that caught fire off the coast of Oman are safe. The Central Government also stated that there is no cause for concern regarding the availability of petroleum products in the country.**

4. വയനാട്ടിൽ രണ്ട് സ്കൂൾ വിദ്യാർത്ഥികൾക്ക് ഷിഗല്ല രോഗബാധ സ്ഥിരീകരിച്ചു. സമാന ലക്ഷണങ്ങളുമായി

337 വിദ്യാർഥികൾ ചികിത്സയിൽ. പ്രതിരോധ നടപടികൾ ശക്തമാക്കി ആരോഗ്യ വകുപ്പ്.

**Two school students in Wayanad have been diagnosed with Shigella infection. As many as 337 students with similar symptoms are undergoing treatment. The Health Department has intensified preventive measures.**

5. കേരളത്തിൽ ശക്തമായ മഴ തുടരുന്നു. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രത. മൂന്ന് ജില്ലകളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

   **Heavy rainfall continues in Kerala. A red alert has been issued for Kozhikode, Kannur and Kasaragod districts tomorrow. Educational institutions in all three districts will remain closed tomorrow.**

6. അഫ്ഗാനിസ്ഥാനെതിരായ ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് തകർപ്പൻ ജയം.

   **India registered a resounding victory in the Test cricket match against Afghanistan.**

**&&&&&&&&&&&&&&&&&&&&**

## PM 12 Years

പാവപ്പെട്ടവരുടെ ക്ഷേമം ലക്ഷ്യമിട്ട്, കേന്ദ്രസർക്കാർ കഴിഞ്ഞ 12 വർഷങ്ങൾക്കിടെ നിരവധി പരിഷ്കരണ നടപടികൾ രാജ്യത്ത് നടപ്പാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പിഎം ആവാസ് യോജന, ആയുഷ്മാൻ ഭാരത്, സ്വച്ഛ്ഭാരത് ദൗത്യങ്ങൾ ഈ ലക്ഷ്യം നിറവേറ്റുന്നതായും പ്രധാനമന്ത്രി പറഞ്ഞു. ദരിദ്ര വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുന്നതിൽ സാങ്കേതികവിദ്യ നിർണ്ണായക പങ്ക് വഹിക്കുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

***************************

## EARLY PREZ- GALLANTARY AWARDS

സായുധ സേനകളിലെയും, കേന്ദ്ര, സംസ്ഥാന പോലീസ് സേനകളിലെയും ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ഗാലന്ററി പുരസ്കാരങ്ങൾ സമ്മാനിച്ചു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിലാണ് അവാർഡുകൾ വിതരണം ചെയ്തത്. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, സായുധ സേനയിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങി നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

****************************

## WEST ASIA INDIA

പശ്ചിമേഷ്യൻ സംഘർഷങ്ങളിൽ ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. സിവിലിയൻ സുരക്ഷ ഉറപ്പുവരുത്തണമെന്നും, പ്രശ്നങ്ങൾ നയതന്ത്ര മാർഗ്ഗങ്ങളിലൂടെ പരിഹരിക്കണമെന്നും വിദേശകാര്യമന്ത്രാലയം നിലപാട് വ്യക്തമാക്കി. ഇന്ത്യൻ പൗരന്മാർ ഇറാനിലേക്കുള്ള യാത്ര പൂർണ്ണമായി ഒഴിവാക്കണമെന്ന് ഇന്ത്യൻ എംബസി നിർദ്ദേശം നൽകി. ഇറാനിൽ തുടരുന്നവർ എത്രയും വേഗം രാജ്യം വിടണമെന്നും നിർദ്ദേശത്തിൽ പറയുന്നു. ഇസ്രയേലിനും ഇറാനുമിടയിൽ രൂക്ഷമായ മിസൈൽ ആക്രമണം ഉണ്ടായ പശ്ചാത്തലത്തിലാണ് നിർദ്ദേശം. ഇസ്രയേലിന്റെ സൈനിക സംവിധാനങ്ങളും, വ്യോമത്താവളങ്ങളും ലക്ഷ്യമിട്ടാണ് ഇറാൻ ആക്രമണം നടത്തിയത്. ഇറാനിലെ പെട്രോകെമിക്കൽ പ്ലാന്റുകൾ കേന്ദ്രീകരിച്ചായിരുന്നു ഇസ്രയേലിന്റെ ആക്രമണം. ലെബനോന് നേർക്കുള്ള ഇസ്രയേൽ ആക്രമണങ്ങൾക്ക് തിരിച്ചടിയായാണ് ആക്രമണം നടത്തിയതെന്ന് ഇറാൻ വ്യക്തമാക്കി. യെമനിൽ നിന്നും ഇസ്രായേലിന് നേരെ മിസൈൽ ആക്രമണ ശ്രമമുണ്ടായതായും ഇസ്രായേൽ സൈന്യം അറിയിച്ചു. സംഘർഷം കൂടുതൽ രൂക്ഷമാകുന്നത് ഒഴിവാക്കി സമാധാന ചർച്ചയിലേക്ക് മടങ്ങിവരണമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇരു രാജ്യങ്ങളോടും

അഭ്യർത്ഥിച്ചു. പശ്ചിമേഷ്യയിൽ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള സമഗ്രമായ കരാർ രൂപീകരിക്കുന്നതിനുമുള്ള നയതന്ത്ര ശ്രമങ്ങൾക്ക് ഖത്തർ പിന്തുണ അറിയിച്ചു.

****************************

## INTERMINISTERIAL BRIEFING (INTRO)

ഒമാൻ തീരത്ത് തീപിടിച്ച എണ്ണ കപ്പലിലെ 24 ഇന്ത്യൻ നാവികരും സുരക്ഷിതരാണെന്ന് കേന്ദ്രസർക്കാർ. ഇന്നുച്ചയോടെയാണ് എംടി മാരിവെസ്റ്റ് എന്ന കപ്പലിൽ തീപിടിത്തം റിപ്പോർട്ട് ചെയ്തതെന്ന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ഡയറക്ടർ ഓപേഷ് കുമാർ ശർമ്മ പറഞ്ഞു.

(ഹോൾഡ് വോയിസ്)

പശ്ചിമേഷ്യൻ പ്രതിസന്ധികൾക്കിടയിലും രാജ്യത്ത് ക്രൂഡ് ഓയിൽ, എൽ.പി.ജി, പ്രകൃതിവാതകം എന്നിവയുടെ വിതരണം സുസ്ഥിരമായി തുടരുന്നുവെന്ന് പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം അഡീഷണൽ സെക്രട്ടറി പ്രവീൺ ഖനൂജ പറഞ്ഞു. ആഭ്യന്തര ഉൽപാദനം വർധിപ്പിച്ചതിനാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ലഭ്യതയെക്കുറിച്ച് ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാജ്യത്തെ വളം ലഭ്യതയിൽ നിലവിൽ യാതൊരു തടസ്സവുമില്ലെന്ന് കേന്ദ്ര രാസവള മന്ത്രാലയം അറിയിച്ചു.

****************************

## NADDA - PM MATRITVA ABHIYAN

പ്രധാൻ മന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ നാളെ പത്ത് വർഷം പൂർത്തിയാക്കുന്നതിന്റെ സ്മരണയ്ക്കായി കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം രാജ്യവ്യാപകമായി ആഘോഷ പരിപാടികൾ സംഘടിപ്പിക്കും. ഇതോടനുബന്ധിച്ച്

പ്രത്യേക സ്മരണിക നാണയവും തപാൽ സ്റ്റാമ്പും കേന്ദ്ര ആരോഗ്യ മന്ത്രി ജെ. പി. നഡ്ഡ പ്രകാശനം ചെയ്യും.

****************************

## EVE. INDIA-MEETING

ഐ.എൻ.ഡി.ഐ.എ മുന്നണി യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേർന്നു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി, സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്, തൃണമൂൽ കോൺഗ്രസ് അധ്യക്ഷ മമത ബാനർജി, സിപിഐഎം നേതാവ് ജോൺ ബ്രിട്ടാസ് ഉൾപ്പെടെ വിവിധ പ്രതിപക്ഷ പാർട്ടി നേതാക്കൾ യോഗത്തിൽ പങ്കെടുത്തു. ആം ആദ്മി പാർട്ടി, ഡി.എം.കെ തുടങ്ങിയ പ്രതിപക്ഷ പാർട്ടികൾ യോഗത്തിൽ നിന്ന് വിട്ടുനിന്നു. യോഗത്തിൽ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തതായും അടുത്ത യോഗം ആഗസ്റ്റിൽ ചേരുമെന്നും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ അറിയിച്ചു.

****************************

## SHIGELLA

സംസ്ഥാനത്ത് ഷിഗെല്ല രോഗത്തിനെതിരെ പ്രതിരോധം ശക്തമാക്കി ആരോഗ്യവകുപ്പ്. വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ സാമ്പിളും വെള്ളവും പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ നാലു വയസ്സുകാരി ഷിഗെല്ല ബാധിച്ച് മരിച്ച സംഭവത്തിൽ പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. വയനാട് ബത്തേരിയിൽ രണ്ട് കുട്ടികൾക്ക് ഷിഗെല്ല സ്ഥിരീകരിച്ചു. കോളിയാടി മാർ ബസേലിയോസ് സ്കൂളിലെ വിദ്യാർഥികൾക്കാണ് രോഗബാധ. സമാന ലക്ഷണങ്ങളുമായി 337 വിദ്യാർഥികൾ ചികിത്സയിലാണ്.

****************************

## TRAWLING (INTRO)

കേരളത്തിൽ ട്രോളിംഗ് നിരോധനം നാളെ അർദ്ധരാത്രി മുതൽ നിലവിൽ വരും. ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസത്തേക്കാണ് നിരോധനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവന ന്തപുരം ജില്ല പ്രതിനിധി രജു കോലിയക്കോട്...**

(വോയിസ്)

****************************

## RAIN - KERALAM - HOLIDAY

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ നാളെ ചുവപ്പു ജാഗ്രതയും മലപ്പുറം, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ചുവപ്പ് ജാഗ്രതയുടെ പശ്ചാത്തലത്തിൽ കാസർകോട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാകളക്ടർമാർ നാളെ അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും അവധി ബാധകമല്ല.

****************************

## KIRTI VARDHAN- OCEAN

സമുദ്രങ്ങളെ സംരക്ഷിക്കുമെന്നും സമുദ്രജീവികളെ നിലനിർത്തുമെന്നും പ്രതിജ്ഞയെടുക്കാൻ ലോക സമുദ്ര ദിനത്തിൽ ആഹ്വാനം ചെയ്ത് കേന്ദ്ര പരിസ്ഥിതി, വനം, സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ്. സമുദ്രം എല്ലാ തീരങ്ങളെയും തലമുറകളെയും രാജ്യങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നുവെന്നും, ആരോഗ്യകരമായ ഭൂമിക്കായി ഒരുമിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

****************************

## GOYAL- BHAVYA PORTAL

രാജ്യത്തുടനീളം 100 വ്യവസായ പാർക്കുകളുടെ വികസനം വേഗത്തിലാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ 'ഭവ്യ' പോർട്ടൽ ഉദ്ഘാടനം ചെയ്തു. സംയോജിത വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുകയാണ് പോർട്ടൽ ലക്ഷ്യമിടുന്നതെന്ന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ മന്ത്രി പറഞ്ഞു.

****************************

## IND VS AFG

മുല്ലൻപൂർ ടെസ്റ്റ് ക്രിക്കറ്റിൽ അഫ്ഗാനിസ്ഥാനെതിരെ ഇന്ത്യക്ക് തകർപ്പൻ ജയം. ഒരു ഇന്നിംഗ്സിനും 300 റൺസിനുമാണ് ഇന്ത്യ അഫ്ഗാനെ വീഴ്ത്തിയത്. ഒന്നാം ഇന്നിങ്സിൽ 412 റൺസ് ലീഡ് വഴങ്ങി ഫോളോ ഓൺ ചെയ്ത അഫ്ഗാനിസ്ഥാന് രണ്ടാം ഇന്നിങ്സിൽ 112 റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റും നഷ്ടമായി. ആദ്യ ഇന്നിംഗ്സിൽ മികച്ച ബാറ്റിംഗ് കാഴ്ചവച്ച ഇന്ത്യ 8 വിക്കറ്റിന് 564 എന്ന നിലയിൽ ഡിക്ലയർ ചെയ്യുകയായിരുന്നു.

****************************

## EVE. PHILIPPINES EARTHQUAKE

ഫിലിപ്പീൻസിന്റെ തെക്കൻ മേഖലയിൽ ഇന്ന് രാവിലെയുണ്ടായ ശക്തമായ ഭൂചലനത്തിൽ 30 ലേറെ മരണം. ഇരുന്നൂറിലധികം പേർക്ക് പരിക്കേറ്റിട്ടുണ്ട്. റിക്ടർ സ്കെയിലിൽ 7.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ നിരവധി കെട്ടിടങ്ങൾ തകർന്നു. ഇന്തോനേഷ്യയിലെ നോർത്ത് സുലവേസി, നോർത്ത് മലുകു പ്രവിശ്യകളിലും ഭൂചലനം അനുഭവപ്പെട്ടു.

****************************

## AFGHANISTAN- HUMAN RIGHTS

വസ്ത്രധാരണ നിയമങ്ങൾ പാലിച്ചില്ലെന്നാരോപിച്ച് സ്ത്രീകളെ തടങ്കലിലാക്കിയ താലിബാൻ നടപടിയിൽ, അഫ്ഗാനിസ്ഥാനിലെ ഐക്യരാഷ്ട്രസഭയുടെ സഹായ ദൗത്യം ആശങ്ക രേഖപ്പെടുത്തി. നടപടി മനുഷ്യാവകാശം സംബന്ധിച്ച് ഗുരുതരമായ ആശങ്കകൾ ഉയർത്തുന്നതായി U.N.A.M.A പറഞ്ഞു. 21-ഓളം സ്ത്രീകളെയും പെൺകുട്ടികളെയുമാണ് താലിബാൻ ധാർമ്മിക പോലീസ് തടങ്കലിലാക്കിയത്.

****************************

## NORWAY CHESS TITLE

നോർവേ ചെസ്സ് കിരീടം നേടിയ ഗ്രാൻഡ്മാസ്റ്റർ പ്രഗ്നാനന്ദയ്ക്ക് തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് 50 ലക്ഷം രൂപയുടെ ചെക്ക് സമ്മാനിച്ചു. കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തമിഴ്നാട് സർക്കാരിന്റെ നിലപാടിൽ പ്രഗ്നാനന്ദ സന്തോഷം പ്രകടിപ്പിച്ചു.

*

**************

****************************************